# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 04.10.2026** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1.വിവിധ മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട പാർലമെന്ററി സമിതികൾ ലോക്സഭാ സ്പീക്കർ ഓം ബിർള പുനഃസംഘടിപ്പിച്ചു.

**Lok Sabha Speaker Om Birla has reconstituted the parliamentary committees associated with various ministries.**

2. ഇസ്രയേൽ സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പരമ്പരാഗത ദീപം തെളിയിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയെയും ഇന്ത്യൻ പൈലറ്റ്, ക്യാപ്റ്റൻ സ്മിത് മച്ചാറിനെയും ക്ഷണിച്ച് ഇസ്രയേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു.

**Israeli Prime Minister Benjamin Netanyahu has invited Prime Minister Narendra Modi and Indian pilot Captain Smith Machar to light the ceremonial lamp during Israel's Independence Day celebrations.**

3. റഷ്യ-യുക്രൈൻ  വെടിനിർത്തൽ ലക്ഷ്യമിട്ട് ഇന്ത്യ മുന്നോട്ട് വച്ച സമാധാന കരാറിനെ സ്വാഗതം ചെയ്ത് യുക്രൈൻ.

**Ukraine has welcomed the peace proposal put forward by India aimed at achieving a ceasefire between Russia and Ukraine.**

4. ITI കളിലൂടെ നൈപുണ്യ വികസനവും തൊഴിൽ ശേഷിയും വർധിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള കേന്ദ്ര പദ്ധതി ,പിഎം സേതു ഇന്ന് ഒരു വർഷം പൂർത്തിയാക്കുന്നു.

**'PM SETU,' a central scheme aimed at enhancing skill development and employability through ITIs, completes one year today.**

5. കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ചൊവ്വാഴ്ച വരെ മഴയ്ക്ക് സാധ്യത. ഇന്ന് നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത.

**Isolated rainfall is likely in Kerala until Tuesday; a 'Yellow Alert' has been issued for four districts today.**

**6. ഇരുപതാമത് ഏഷ്യൻ ഗെയിംസിന് ഇന്ന് ജപ്പാനിൽ സമാപനം. 85 മെഡലുകളോടെ ഇന്ത്യ നാലാം സ്ഥാനത്ത്. സമാപന ചടങ്ങിൽ ഷൂട്ടിംഗ് താരം നീരു ദണ്ഡ ഇന്ത്യൻ പതാകയേന്തും.**

**The 20th Asian Games conclude in Japan today; India finished in fourth place with 85 medals. Shooter Neeru Dhanda will carry the Indian flag at the closing ceremony.**

**&&&&&&&&&&&&&&&&&&**

## HEADLINES-1

**PARLIAMENT COMMITTEES**

വിവിധ മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട പാർലമെന്ററി സമിതികൾ ലോക്സഭാ സ്പീക്കർ ഓം ബിർള പുനഃസംഘടിപ്പിച്ചു. ധനകാര്യ സമിതിയുടെ അധ്യക്ഷനായി ബിജെപി എംപി ഭർതൃഹരി മഹതാബിനെ നിയമിച്ചു. വിദേശകാര്യ സമിതിയുടെ അധ്യക്ഷനായി കോൺഗ്രസ് എംപി ശശി തരൂരിനെ സ്പീക്കർ നിയമിച്ചു. റെയിൽവേ സമിതിയുടെ അധ്യക്ഷനായി ബിജെപി എംപി സുധീർ ഗുപ്തയെയും, രാസവസ്തു-വളം സമിതിയുടെ അധ്യക്ഷയായി ലോക്സഭാ എംപി ഡോ. കകോലി ഘോഷ് ദസ്തിദാറിനെയും നിയമിച്ചു.

**&&&&&&&&&&&&&&&&&&**

## HEADLINES-3

**INDIA – UKRAINE CEASEFIRE PROPOSAL**

റഷ്യ-യുക്രൈൻ വെടിനിർത്തൽ ലക്ഷ്യമിട്ട് ഇന്ത്യ മുന്നോട്ട് വച്ച സമാധാന കരാറിനെ സ്വാഗതം ചെയ്ത് യുക്രൈൻ. തങ്ങൾക്ക് ലഭിച്ച നാല് ഉടമ്പടികളിൽ ഏറ്റവും വിശാലമാണ് ഇന്ത്യയുടെ ശിപാർശയെന്നും യുക്രൈൻ വിദേശകാര്യ മന്ത്രി പ്രതികരിച്ചു. എന്നാൽ ഇത്തരത്തിലുള്ള ഏതു സമാധാന കരാറും കേവലം യുദ്ധഭൂമിയ്ക്കപ്പുറം ഊർജ-തുറമുഖ സംവിധാനങ്ങളിലുള്ള ആക്രമണം, കരിങ്കടലിലെ നീക്കങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തുന്നത് ആകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ത്യ മുന്നോട്ട് വച്ച സമാധാന പദ്ധതിയെ നേരത്തെ റഷ്യയും സ്വാഗതം ചെയ്തിരുന്നു.

**&&&&&&&&&&&&&&&&&&**

## HEADLINES-2

**ISRAEL- INDIAN PILOT (INTRO)**

*ഇസ്രയേൽ സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പരമ്പരാഗത ദീപം തെളിയിക്കുന്നതിനായി ഇന്ത്യൻ പൈലറ്റ്, ക്യാപ്റ്റൻ സ്മിത് മച്ചാറിനെയും പ്രധാനമന്ത്രി നരേന്ദ്ര മോദിയെയും ക്ഷണിച്ച് ഇസ്രയേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു. ക്യാപ്റ്റൻ മച്ചാറുമായി നടത്തിയ ഫോൺ സംഭാഷണത്തിനിടെ, ഇന്ത്യയുടെയും ഇസ്രായേലിന്റെയും ലോകത്തിന്റെയും വീരനായകനെന്ന് അദ്ദേഹത്തെ നെതന്യാഹു പ്രശംസിച്ചു. ദീപം തെളിക്കാനുള്ള അവകാശം പരമ്പരാഗതമായി ഇസ്രായേലി പൗരന്മാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതാണെന്ന് ചൂണ്ടിക്കാണിച്ച നെതന്യാഹു, ക്യാപ്റ്റൻ മച്ചാറിന്റെ ധീരതയ്ക്കും സേവനത്തിനുമുള്ള അപൂർവ്വവും സുപ്രധാനവുമായ അംഗീകാരമാണ് ഈ ക്ഷണമെന്നും വ്യക്തമാക്കി.*

*(വോയ്സ്)*

&&&&&&&&&&&&&&&&&&

## HEADLINES-4

**PM-SETU**

നവീകരിച്ച I.T.I കളിലൂടെ നൈപുണ്യ വികസനവും തൊഴിൽ ശേഷിയും വർധിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള കേന്ദ്ര സർക്കാർ പദ്ധതി ,പിഎം - സേതുവിന് ഇന്ന് ഒരു വയസ്. കഴിഞ്ഞ ഒക്ടോബർ നാലിനാണ് നൈപുണ്യവികസന-സംരംഭകത്വ മന്ത്രാലയം പദ്ധതിയ്ക്ക് തുടക്കമിട്ടത്. തൊഴിൽ സേനയുടെ മാറുന്ന ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് പാഠ്യപദ്ധതികൾ പരിഷ്കരിക്കാനും പരിശീലന സൗകര്യങ്ങൾ നവീകരിക്കുന്നതും അടക്കം ലക്ഷ്യമിട്ടുള്ളതാണ് പദ്ധതി.

&&&&&&&&&&&&&&&&&&

**GRAMASABHA**

ഗാന്ധിജയന്തിയോടനുബന്ധിച്ച് വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും സംഘടിപ്പിച്ച പ്രത്യേക ഗ്രാമസഭകളുടെ ഭാഗമായി രാജ്യത്തെ 1,850-ലേറെ ഗ്രാമപഞ്ചായത്തുകളിലും ഗ്രാമങ്ങളിലും 'ജൽ അർപ്പൺ' ചടങ്ങുകൾ നടന്നു. ഗ്രാമീണ കുടിവെള്ള വിതരണ സംവിധാനങ്ങളുടെ നടത്തിപ്പ് ജനങ്ങൾക്ക് കൈമാറുന്നതിലൂടെ

ജനപങ്കാളിത്തം ശക്തിപ്പെടുത്തുകയാണ് ജൽ ജീവൻ മിഷൻ 2.0-യുടെ ഭാഗമായി നടപ്പാക്കുന്ന ഈ സുപ്രധാന പരിഷ്കാരത്തിന്റെ ലക്ഷ്യം. പൂർത്തിയായ ഗ്രാമീണ കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്കും വില്ലേജ് വാട്ടർ ആൻഡ് സാനിറ്റേഷൻ കമ്മിറ്റികൾക്കും കൈമാറി.

&&&&&&&&&&&&&&&&&&

## SEKHON IAF MARATHON

സെഖോൺ ഇന്ത്യൻ എയർ ഫോഴ്സ് മാരത്തോണിൻറെ രണ്ടാം പതിപ്പിന് വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ AP സിങ് ഇന്ന് തുടക്കമിട്ടു.1971 ലെ ഇന്ത്യ-പാക്ക് യുദ്ധത്തിൽ രാജ്യത്തിനായി ധീര സേവനം നൽകിയ ഫ്ലയിങ് ഓഫീസർ നിർമ്മൽ ജീത് സിംഗ് സെഖോണിൻറെ സ്മരണാർഥം നടക്കുന്ന മരത്തോണിന് ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് തുടക്കമായത്. 21 ,10 ,5 കിലോമീറ്റർ വിഭാഗങ്ങളിലാണ് മാരത്തോൺ നടക്കുന്നത്.

&&&&&&&&&&&&&&&&&&

## iNDIAN AIRFORCE MARATHONE

നിർമ്മൽ ജിത് സിംഗ് സെഖോണിൻറെ സ്മരണാർത്ഥം വ്യോമസേന തിരുവനന്തപുരത്ത് 'സെഖോൺ ഇന്ത്യൻ എയർ ഫോഴ്സ് മാരത്തൺ 2026' സംഘടിപ്പിച്ചു. ദക്ഷിണ വ്യോമസേനാ മേധാവി എയർ മാർഷൽ ജസ് വീർ സിംഗ് മാൻ, ഗുസ്തി താരം സംഗ്രാം സിംഗ് എന്നിവർ ചേർന്ന് മാരത്തൺ ഫ്ലാഗ് ഓഫ് ചെയ്തു. 3200 പേർ മാരത്തണിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## Pravasi Bharatiya Diwas

19 -ാമത് പ്രവാസി ഭാരതീയ ദിവസ് കൺവെൻഷൻ അടുത്ത വർഷം ജനുവരി 7 മുതൽ 9 വരെ കൊൽക്കത്തയിൽ നടക്കും. പശ്ചിമ ബംഗാൾ സർക്കാരുമായി ചേർന്നാകും വിദേശകാര്യ മന്ത്രാലയം പരിപാടി സംഘടിപ്പിക്കുക. പ്രധാനമന്ത്രി നരേന്ദ്ര മോദി കൺവെൻഷൻ ഉദ്ഘാടനം ചെയ്യും. സമാപന സമ്മേളനത്തിൽ ആധ്യക്ഷ്യം വഹിക്കുന്ന രാഷ്ട്രപതി ദ്രൗപദി മുർമു പ്രവാസി ഭാരതീയ സമ്മാൻ പുരസ്കാരങ്ങളും വിതരണം ചെയ്യും.

&&&&&&&&&&&&&&&&&&&

**BREAK**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

&&&&&&&&&&&&&&&&&&&

**WORLD ANIMAL DAY**

ഇന്ന് ലോക മൃഗ ദിനം. ലോകമെമ്പാടുമുള്ള മൃഗങ്ങളുടെ ക്ഷേമം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനായാണ് എല്ലാ വർഷവും ഒക്ടോബർ 4 ന് ലോക മൃഗദിനമായി ആചരിക്കുന്നത്.

&&&&&&&&&&&&&&&&&&&

**GUWAHATI-SEVA SANKALP - INTRO**

*പ്രധാനമന്ത്രി നരേന്ദ്ര മോദി പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുകയാണ്. 2047-ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് കേന്ദ്രസർക്കാർ നിരവധി പദ്ധതികളാണ് നടപ്പാക്കി വരുന്നത്. 'ജനസേവനമാണ് ദേശസേവനം' എന്ന പ്രത്യേക പരമ്പരയിൽ ഇന്ന് അസമിലെ ഗുവാഹത്തിയിലുള്ള ലോക്പ്രിയ ഗോപിനാഥ് അന്താരാഷ്ട്ര വിമാനത്താവളത്തിൻറെ നവീകരണം വടക്കുകിഴക്കൻ മേഖലയുടെ വികസനത്തിൽ വഹിച്ച പങ്കിനെ കുറിച്ചാണ് വിശദീകരിക്കുന്നത്.*
*ഒരു റിപ്പോർട്ട്..*

*(വോയിസ്)*

***GUWAHATI-SEVA SANKALP - VO***

*അസമിലെ ലോക്പ്രിയ ഗോപിനാഥ് അന്താരാഷ്ട്ര വിമാനത്താവളം മുൻനിര ആഗോള കവാടമായി മാറിയിരിക്കുകയാണ്. വടക്കുകിഴക്കൻ മേഖലയിൽ ഉടനീളം സാമ്പത്തികവും സാംസ്കാരികവുമായ*

*പുനരുജ്ജീവനത്തിന് ഈ മാറ്റം വഴിയൊരുക്കുന്നു. പ്രകൃതിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട പുതുതായി പ്രവർത്തനം ആരംഭിച്ച ഇന്റഗ്രേറ്റഡ് ടെർമിനൽ 2-നെ കേന്ദ്രീകരിച്ചുള്ള വിപുലീകരണം, കേന്ദ്ര സർക്കാരിന്റെ 'ആക്ട് ഈസ്റ്റ്' നയത്തിന് കീഴിലെ നിർണായക നാഴികക്കല്ലാണ്. 2025 ഡിസംബർ 20-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ടെർമിനൽ 2 ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. അത്യാധുനിക സൗകര്യങ്ങളോടെയുള്ള പുതിയ ടെർമിനൽ വിമാനത്താവളത്തിൻറെ ശേഷി വർധിപ്പിക്കുകയും പ്രതിവർഷം 1.3 കോടിയിലധികം യാത്രക്കാരെ ഉൾക്കൊള്ളാൻ പ്രാപ്തമാണ്.*

*ന്യൂസ് ഡെസ്ക്, ആകാശവാണി.*

&&&&&&&&&&&&&&&&&&

HEADLINES-6

## ASIAN GAMES

ഇരുപതാമത് ഏഷ്യൻ ഗെയിംസിന് ഇന്ന് ജപ്പാനിൽ സമാപനം. നഗോയയിലെ പലോമ മിസുഹോ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2.30 നാണ് സമാപന ചടങ്ങ് നടക്കുക. സമാപന പരേഡിൽ ഷൂട്ടിംഗ് താരം നീരു ദണ്ഡ ഇന്ത്യയുടെ പതാകയേന്തും. 21 സ്വർണ്ണവും 27 വെള്ളിയും 37 വെങ്കലവും അടക്കം ആകെ 85 മെഡലുകളോടെ ഇന്ത്യ നാലാം സ്ഥാനം നേടി.

&&&&&&&&&&&&&&&&&&

## VAYALAR AWARD

50-ാമത് വയലാർ സാഹിത്യ അവാർഡ് ആർ രാജശ്രീക്ക്. ആത്രേയകം എന്ന നോവലിനാണ് പുരസ്കാരം. ഒരു ലക്ഷം രൂപയും ശില്പവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം. ഈ മാസം 27 ന് തിരുവനന്തപുരം നിശാഗന്ധിയിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി വി ഡി സതീശൻ അവാർഡ് സമ്മാനിക്കും.

&&&&&&&&&&&&&&&&&&

## TVM CORPORATION

തിരുവനന്തപുരം നഗരസഭാ കൗൺസിലറായി ആർ ശ്രീലേഖ തുടരുമെന്ന് മേയർ വി വി രാജേഷ്. നഗരസഭാ ഭരണത്തിൽ പ്രതിസന്ധിയില്ലെന്നും മേയർ തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കൗൺസിലർമാർ അവരുടെ പ്രശ്നങ്ങൾ കത്തിലൂടെ മേയറെ അറിയിക്കാറുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## HEADLINES-5

## WEATHER KERALA

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ചൊവ്വാഴ്ച വരെ, ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും, സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന്, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&&

## IMD

കേരളം , മാഹി, തമിഴ്നാട്, പുതുച്ചേരി, കാരക്കൽ എന്നിവിടങ്ങളിലെ ഒറ്റപ്പെട്ട മേഖലകളിൽ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. അടുത്ത രണ്ടു ദിവസങ്ങളിൽ മഹാരാഷ്ട്ര, ഛത്തീസ്ഗഡ്, കർണാടകം,തെലങ്കാന സംസ്ഥാനങ്ങളിൽ നിന്നും തെക്കു പടിഞ്ഞാറൻ മൺസൂൺ കൂടുതൽ പിൻവലിയുമെന്നും IMD അറിയിച്ചു.

&&&&&&&&&&&&&&&&&&

## GOLD RATE

സ്വർണവിലയിൽ മാറ്റമില്ല. പവന് ഒരു ലക്ഷത്തി ഒൻപതിനായിരത്തി 400 രൂപയും ഗ്രാമിന് 13,675 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## IRAN – US CONFLICT

അമേരിക്കയുടെ സാമ്പത്തിക സമ്മർദ്ദവും ഉപരോധങ്ങളും ശക്തമാകുന്ന സാഹചര്യത്തിൽ ഇറാനിലെ പ്രത്യേക സാഹചര്യങ്ങൾ കൈകാര്യം

ചെയ്യുന്നതിന് പുതിയൊരു സംവിധാനം ഏർപ്പെടുത്തിയതായി ഇറാൻ പ്രസിഡൻറ് മസൂദ് പെസെഷ്കിയൻ. ഇറാൻ ജനതയുടെ മേൽ സമ്മർദ്ദം ചെലുത്തുന്നതിന് രാജ്യത്തിൻറെ നിർണായക സാമ്പത്തിക മാർഗങ്ങൾ തടയാനാണ് അമേരിക്കയും മറ്റും ശ്രമിക്കുന്നതെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ ആരോപിച്ചു. എന്നാൽ, ജനങ്ങളുടെ പിന്തുണയും സർക്കാർ സ്വീകരിച്ച നടപടികളും ഇത്തരം ശ്രമങ്ങൾ വിജയിക്കുന്നത് തടഞ്ഞതായും ഇറാൻ പ്രസിഡൻറ് വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## US- VIKSIT BHARAT UNITY RUN

അമേരിക്കയിൽ ഇന്ത്യൻ എംബസി സംഘടിപ്പിച്ച 'വികസിത് ഭാരത് യൂണിറ്റി റൺ' പരിപാടിയിൽ പങ്കെടുക്കാൻ വിർജീനിയയിലെ ഗ്രാവലി പോയിന്റ് പാർക്കിൽ നിരവധി ഇന്ത്യൻ വംശജർ ഒത്തുചേർന്നു. യോഗ, ധ്യാനം എന്നിവ സംയോജിപ്പിച്ച പരിപാടി ശാരീരികക്ഷമതയുടെയും സമൂഹപങ്കാളിത്തത്തിന്റെയും സന്ദേശമാണ് മുന്നോട്ടുവെച്ചത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&&&&&

&&&&&